**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** — **02-03-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് അറിയിക്കാമോ? | (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാഭ്യാസാനുകൂല്യമായി ചുവടെ പറയുന്ന സ്കോളർഷിപ്പുകൾ നൽകി വരുന്നു.<br><br>1. **സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ്** (സ്കോളർഷിപ്പ് ടു ബി പി എൽ സ്റ്റുഡന്റസ്) :- മുൻ പരീക്ഷക്ക് 50 % മാർക്കുള്ള ബി പി എൽ വിദ്യാർഥികൾക്ക് പ്രതിവർഷം 10000/- രൂപ സ്കോളർഷിപ്പായി ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു.<br>**2. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് :-** +2 മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് ആർട്സ് &സയൻസ്, മ്യൂസിക്, സംസ്കൃതം കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രി തലം മുതൽ തുടർച്ചയായി 5 വർഷത്തേക്ക് 85% വും അതിൽ അധികവും മാർക്കുള്ള BPL വിഭാഗത്തിപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 10,000/- രൂപ വീതം 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നു.<br>3**. മുഖ്യമന്ത്രിയുടെ പ്രതിഭാ ധന സഹായ പദ്ധതി (സി എം സ്കോളർഷിപ്പ്)**:- ഡിഗ്രിക്ക് 75% മാർക്ക് വാങ്ങി വിജയിച്ച 1000 വിദ്യാർത്ഥികൾക്ക് രണ്ടര ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ച്, ഒരു ലക്ഷം രൂപ വീതം ഈ സ്കോളർഷിപ്പിലൂടെ അനുവദിക്കുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പിന്നോക്കവിഭാഗത്തിൽപ്പെട്ട വർക്ക് (Socially and Economically Weaker Section (SEBC) വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ 30% സംവരണം അഡ്മിഷന് നൽകിവരുന്നു. ഇതു കൂടാതെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ |

സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന സ്കോളർഷിപ്പുകളും നൽകി വരുന്നു.

**എം സി എം (MCM - Merit Cum Means) സ്കോളർഷിപ്പ്**

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രാലയം സാങ്കേതിക പ്രൊഫഷണൽ മേഖലകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, സിഖ്, ബുദ്ധ, ജൈന, തുടങ്ങിയ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട സമർത്ഥരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം തോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി എം സി എം (MCM- Merit Cum Means) സ്കോളർഷിപ്പ് നല്കി വരുന്നുണ്ട്. അർഹരായുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ 25,000/- രൂപ (Day Scholar), 30,000/-രൂപ (Hostler) എന്നിങ്ങനെ പ്രതിവർഷം നല്കി വരുന്നു.

**നോൺ ഗേറ്റ് സ്കോളർഷിപ്പ്**

എല്ലാ ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഓരോ വർഷത്തെയും M.Tech വിദ്യാർത്ഥികളിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ 5 വിദ്യാർത്ഥികൾക്ക് പ്രതിമാസം 6000/- രൂപ നിരക്കിൽ ടി സ്കോളർഷിപ്പ് നൽകി വരുന്നു.

**ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

KTU യിൽ നിന്നും ലഭിക്കുന്ന Ph.D വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും സ്കോളർഷിപ്പിന് അർഹരായ 8 വിദ്യാർത്ഥികളെ ഒരു കമ്മിറ്റി തിരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 20,000/- രൂപാ നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കുകയും ചെയ്യുന്നു.

ഇത് കൂടാതെ, Central Sector Scheme of Scholarships for College and University, Prime Ministers Scholarship Scheme for Central Armed Forces and Assam Rifles, Prime Minister's Scholarship Scheme for Wards of States/UTs Police personnel Martyred During Terror/Naxal Attacks, Pragathi Scholarship Scheme for Girl Students (Technical Degree), Saksham Scholarship Scheme for Specially Abled Students, Post Matric Scholarship for Students with Disabilities തുടങ്ങി കേന്ദ്ര സർക്കാരിന്റെ

| | | | |
|---|---|---|---|
| | | | കീഴിൽ വരുന്ന സ്കോളർഷിപ്പുകൾ ഉണ്ട്. വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള 40% മോ അതിൽ കൂടുതലോ ഭിന്ന ശേഷിയുള്ളവർക്ക് നല്കി വരുന്ന AICTE സാക്ഷം സ്കോളർഷിപ്പ് എന്നിവയും കേന്ദ്ര സർക്കാരിൽ നിന്നും നൽകി വരുന്ന സ്കോളർഷിപ്പുകളാണ്.<br><br>സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ 10% സംവരണം അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ്, സ്നേഹപൂർവം സ്കോളർഷിപ്പ്, സി എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ്, ഫിഷറീസ് ഇ-ഗ്രാന്റ്സ് മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യ സമുന്നതി സ്കോളർഷിപ്പ് ന്യൂന പക്ഷ വിദ്യാർത്ഥികൾക്കായുള്ള ന്യൂന പക്ഷ സ്കോളർഷിപ്പ്, എന്നിവ സംസ്ഥാന സർക്കാരിന്റെ കീഴിൽ നൽകുന്ന സ്കോളർഷിപ്പുകളാണ്. ഇതിനു പുറമെ ഉന്നതവിദ്യാഭ്യാസ കൗൺസിലും വിദ്യാർത്ഥികൾക്കായി വിവിധ സ്കോളർഷിപ്പുകൾ നൽകി വരുന്നു. കൂടാതെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി ക്ഷേമവകുപ്പ് അനുവദിക്കുന്ന കെ.പി.സി.ആർ സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ